**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *338**

**15.03.2018- ലെ മറുപടിക്ക്**

## നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. കെ. രാജൻ** | | **ഡോ.ടി.എം.തോമസ് ഐസക്**<br>**ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് രൂക്ഷമാകുമ്പോൾ വരുമാന വർദ്ധനക്കായി ഏതൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ജി.എസ്.ടിയുടെ വരവോടുകൂടി സംസ്ഥാനങ്ങളുടെ നികുതി ഭരണത്തിലുള്ള അവകാശം പരിമിതപ്പെട്ടിട്ടുണ്ട്. ടി പരിമിതമായ സാഹചര്യത്തിലും നികുതി ചോർച്ച തടഞ്ഞും, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും, വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.<br>1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ സജ്ജമാക്കും.<br>2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി 2018 ജൂൺ 10 വരെ നീട്ടിയിട്ടുണ്ട്.<br>3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബീവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.<br>4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ആംനസ്റ്റി സ്കീം 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യുഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.<br>6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു. |

| | | |
|---|---|---|
| | | 7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ആലോചനയിലാണ്.<br>8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5% വർദ്ധിപ്പിക്കും.<br>9. റവന്യു റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി. |
| (ബി) | നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത് എന്നറിയിക്കുമോ; | നികുതിയേതര വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലെ ഫീസുകളിലും ചാർജ്ജുകളിലും 5% വർദ്ധനവ് വരുത്തും. കൂടാതെ പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ഓരോ വകുപ്പിലെയും പ്രവർത്തനങ്ങൾ പ്രത്യേകമായി പരിശോധിക്കും. |
| (സി) | ഭൂമിയുടെ വിലകുറച്ച് കാണിച്ച് രജിസ്ട്രേഷൻ നടത്തിയ കേസുകൾ ഒഴിവാക്കുന്നതിന് സെറ്റിൽമെന്റ് കമ്മീഷൻ രൂപവല്ക്കരിക്കുമോ; വ്യക്തമാക്കുമോ; | ഭൂമിയുടെ വില കുറച്ച് കാണിച്ച് രജിസ്ട്രേഷൻ നടത്തിയ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും സെറ്റിൽമെന്റ് കമ്മീഷൻ രൂപീകരിക്കും. |
| (ഡി) | ഒരു ടൺ പാറ പൊട്ടിക്കുന്നതിന് സർക്കാരിന് റോയൽറ്റി ഇനത്തിൽ ലഭിക്കുന്നത് 24 രൂപയാണെന്നും വില്ക്കുന്നത് അതിന്റെ അൻപത് ഇരട്ടിയിലും അധികം തുകക്കാണെന്നും വിലയിരുത്തിയിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>2015-ലെ കെ.എം.എം.സി ചട്ട പ്രകാരം ഒരു ടൺ കരിങ്കല്ലിന് റോയൽറ്റി 24 രൂപയായാണ് നിശ്ചയിച്ചിരിക്കുന്നത്. ധാതു ഉത്പാദകർ പതിന്മടങ്ങ് വിലയ്ക്കാണ് കരിങ്കല്ല് സംസ്ഥാനത്ത് വില്പന നടത്തി വരുന്നതെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്ന് വർഷത്തിലൊരിക്കലാണ് റോയൽറ്റി നിരക്കുകൾ പുതുക്കി നിശ്ചയിക്കാറുള്ളത്. റോയൽറ്റി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ വകുപ്പ് തലനടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | ഇതുവരെ ഉപയോഗപ്പെടുത്താത്ത ഏതെല്ലാം ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ? | നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ഓരോ വകുപ്പിലെയും പ്രവർത്തനങ്ങൾ പ്രത്യേകമായി പരിശോധിക്കും. |

**അക്കൗണ്ട്സ് ഓഫീസർ**